ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുള്ളത് തിരുവനന്തപുരത്ത് ഒരു സ്ഥലത്തും ഇടുക്കിയിൽ വേറൊരു സ്ഥലത്തുമാണ് സാമ്പിൾ സർവ്വേ നടത്തിയിട്ടുള്ളതെന്നാണ്. ഈ 16 കോടി തൈകൾ വിതരണം ചെയ്തിട്ടുള്ള കേരളത്തിലൊട്ടാകെയുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തിയിട്ടില്ല. സംസ്ഥാന തലത്തിൽ സാമൂഹ്യസംഘടനാ തലവന്മാർ ഉൾക്കൊള്ളുന്ന ഒരു സോഷ്യൽ ഫോറസ്ട്രറി കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി നേരിട്ട് അടുത്തവർഷം ഈ തൈകളുടെ അതിജീവന ശതമാനം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ ഒരു പ്രത്യേക ഏജൻസിയെ വച്ച് സംസ്ഥാനത്തൊട്ടാകെ വിപുലമായ തോതിൽ പരിശോധന നടത്താനും ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. അനുമോദനം

മി. സ്പീക്കർ : ഭാരതീയ സാഹിത്യപുരസ്കാരങ്ങളിൽ ഏറ്റവും ഉന്നതമായ ജ്ഞാനപീഠം അവാർഡ് നമ്മുടെ അഭിമാനസ്തംഭമായ ശ്രീ. പി. തകഴി ശിവശങ്കരപ്പിള്ളക്ക് ലഭിച്ചതിൽ കേരളീയരായ നാമെല്ലാം ആഹ്ലാദപുളകിതരായി കഴിയുകയാണല്ലോ. മഹാകവി ജി. ശങ്കരക്കുറുപ്പിനും ശ്രീ. എസ്. കെ. പൊറ്റക്കാടിനും ശേഷം മൂന്നാമതായി ഈ അപൂർവ്വ ബഹുമതി ലഭിക്കുന്ന കേരളീയനാണ് അതുല്യ പ്രതിഭാശാലിയായ ശ്രീ. തകഴി. 'ചെമ്മീൻ' എന്ന നോവലിലൂടെ വിശ്വസാഹിത്യ നഭോമണ്ഡലത്തിൽ ചിരപ്രതിഷ്ഠ നേടിയ ശ്രീ. തകഴി 'രണ്ടിടങ്ങഴി', 'കയർ' എന്നിങ്ങനെ നിരവധി നോവലുകളും എണ്ണമറ്റ ചെറുകഥകളും രചിച്ചിട്ടുണ്ട്. സാഹിത്യരംഗത്തെ അപൂർവ്വ സംഭാവനകളെ വിലയിരുത്തി അദ്ദേഹത്തിന് പദ്മഭൂഷൻ അവാർഡും 'കയർ' എന്ന നോവലിന് വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്. അത്യുന്നതമായ ഈ ബഹുമതി അദ്ദേഹത്തിന് ലഭിച്ചതിൽ സഭക്കുള്ള അനുമോദനങ്ങൾ നമുക്കിവിടെ രേഖപ്പെടുത്താം.

(സഭ അനുമോദനം രേഖപ്പെടുത്തി.)

III. അടിയന്തിരപ്രമേയം

വിദ്യാർത്ഥികളുടെ നേർക്കുള്ള ലാത്തിച്ചാർജ്ജ്

മി. സ്പീക്കർ : 28-7-1985-ന് കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് യൂണിവേഴ്സിറ്റി പരിസരത്ത് വച്ച് വിദ്യാർത്ഥികൾക്കെതിരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജും വിദ്യാർത്ഥി വിഭാഗങ്ങൾ തമ്മിൽ ചേരിതിരിഞ്ഞ് നടത്തിയ തല്ലിനേയും തുടർന്ന് ഇന്ന് സംസ്ഥാനവ്യാപകമായി പഠിപ്പുമുടക്ക് ആഹ്വാനം ചെയ്തതിനെയും തുടർന്നുണ്ടായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാ

LIBRARY ARCHIVES Kerala Legislative Assembly